2893/എച്ച്/2015/കെ.എസ്.എച്ച്.ഒ. 08..06..2017

## പരിപത്രം

**വിഷയം:- ജെ.എൽ.ജി. ബാങ്ക് ലിങ്കേജ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്**

ജെഎൽജികൾക്ക് കാർഷിക ആവശ്യങ്ങൾക്കായി ബാങ്കുകളിൽ നിന്നും 7% മുതൽ 9% വരെ പലിശ നിരക്കിൽ ഒരു വർഷത്തേയ്ക്കാണ് പ്രധാനമായും കാർഷിക വായ്പകൾ ലഭ്യമാക്കുന്നത്. ജെഎൽജി ലോണുകളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുമാണ് ലിങ്കേജ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന്റെ പ്രധാന ലക്ഷ്യം. 2017 ഏപ്രിൽ മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ളതോ, അഫിലിയേഷൻ പുതുക്കിയിട്ടുള്ളതോ ആയ ജെഎൽജികളെയാണ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. ലിങ്കേജ് ക്യാമ്പുകൾ വഴി ലോൺ എടുത്തിട്ടുള്ള ഗ്രൂപ്പുകൾക്ക് മാത്രമേ പലിശ സബ്സിഡി, ഇൻസെന്റീവ് എന്നീ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയുള്ളു. ബാങ്ക് ലിങ്കേജ് ക്യാമ്പിന് ബ്ലോക്ക് കോ-ഓർഡിനേറ്റർ, മാസ്റ്റർ കർഷകർ, സിഡിഎസ് എന്നിവരുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

**മുന്നൊരുക്കങ്ങൾ**

- ബാങ്ക് ലിങ്കേജ് ക്യാമ്പ് ആരംഭിക്കുന്നതിനു മുമ്പായി ബ്ലോക്ക് തലത്തിൽ ലോൺ ആവശ്യമുള്ള ജെഎൽജി കളെ കണ്ടെത്തുക
- ബാങ്ക് മാനേജർമാരുമായി നേരിട്ട് ബന്ധപ്പെട്ട് ക്യാമ്പിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക
- ബാങ്ക് ലിങ്കേജ് ക്യാമ്പിന് ആവശ്യമായ രേഖകൾ മുൻകൂട്ടി ജെഎൽജികളെ അറിയിക്കുക.
- ആവശ്യമായ അപേക്ഷകൾ ഇല്ലെങ്കിൽ ഒന്നിലധികം ബ്ലോക്കുകൾ ചേർന്ന് ഏവർക്കും സൗകര്യപ്രദമായ സ്ഥലത്ത് ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്.
- ക്യാമ്പിന്റെ തീയതി, സ്ഥലം എന്നിവ സിഡിഎസ്സിൽ അറിയിക്കേണ്ടതും, സിഡിഎസ്സുകൾ അതാത് ജെഎൽജി കളെ അറിയിക്കേണ്ടതുമാണ്.

**ബ്ലോക്ക് കോ-ഓർഡിനേറ്ററുടെ ചുമതല**

1. ജെഎൽജികൾ തയ്യാറാക്കിയ അപേക്ഷകൾ പരിശോധിച്ച് ഗ്രേഡ് ചെയ്ത് സിഡിഎസ്സിൽ സമർപ്പിക്കുക
2. 70% മാർക്ക് ലഭിച്ച ജെഎൽജികളുടെ ലിസ്റ്റ് തയ്യാറാക്കി മാസ്റ്റർ കർഷകരിലൂടെ ജെഎൽജികളെ ക്യാമ്പിന്റെ വിശദാംശങ്ങൾ അറിയിക്കുക
3. ക്യാമ്പിൽ വരുന്ന ജെഎൽജികളുടെ വിവരങ്ങൾ സിഡിഎസ് തിരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
4. ലിങ്ക് ചെയ്ത് ജെഎൽജി കൾക്ക് ഒരു മാസത്തിനകം ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

5. പലിശ സബ്സിഡിയ്ക്കും ഇൻസെന്റീവിനുമുള്ള അപേക്ഷ ജില്ലാമിഷനിൽ സമർപ്പിക്കുക

6. മുന്നു മാസത്തിൽ ഒരിക്കൽ ബാങ്ക് മാനേജർ, സിഡിഎസ് ചെയർപേഴ്സൺ, ജീവ ടീം പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് വിളിയ്ക്കുകയും ലോൺ തിരിച്ചടവിന്റെ പുരോഗതി വിലയിരുത്തേണ്ടതുമാണ്. ലോൺ തിരിച്ചടവിൽ ഏതെങ്കിലും ജെഎൽജികൾ വീഴ്ച വരുത്തുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പഠിച്ച് തിരിച്ചടപ്പിയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

**മാസ്റ്റർ കർഷകരുടെ ചുമതലകൾ**

- ലോൺ ആവശ്യമായ ജെഎൽജി കളെ കണ്ടെത്തി അപേക്ഷ തയ്യാറാക്കി സിഡിഎസ്സിൽ സമർപ്പിക്കുക
- ഗ്രേഡിംഗിന് ബ്ലോക്ക് കോ-ഓർഡിനേറ്ററെ സഹായിക്കുക
- ക്യാമ്പിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക

**സിഡിഎസ്സിന്റെ ചുമതല**

- ബാങ്ക് ലിങ്കേജിന് മുന്നോടിയായി ഗ്രേഡ് ചെയ്ത അപേക്ഷകൾ മെമ്പർ സെക്രട്ടറിയുടെ ഒപ്പോടുകൂടി ക്യാമ്പിൽ എത്തിയ്ക്കുക.
- ക്യാമ്പിൽ പങ്കെടുക്കുന്ന ജെഎൽജികളിൽ നിന്നും അതാത് സിഡിഎസ്സ് 100 രൂപ എന്ന നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കേണ്ടതും ടി തുക മാസ്റ്റർ കർകരുടെ ബ്ലോക് തല ഗ്രൂപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. ടി തുക ലിങ്ക് ചെയ്യപ്പെട്ട ജെഎൽജിയെ മോണിറ്റർ ചെയ്യുന്ന മാസ്റ്റർ കർഷകയ്ക്ക് നൽകേണ്ടതാണ്.
- ബാങ്ക് ലിങ്കേജ് ക്യാമ്പിന്റെ വിശദാംശങ്ങൾ ജില്ലാമിഷൻ കുടുംബശ്രീ വെബ് സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

8/6/18

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

**പകർപ്പ്**
സ്റ്റോക്ക് ഫയൽ